(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജീവനക്കാരുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.†

(ഇ) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വാർഡൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ജി) മെസ്സ് ഫീ അടയ്ക്കുവാൻ ബാദ്ധ്യതയുള്ളവരിൽ 75% മാത്രം കൃത്യമായി അടച്ചുവരുന്നു. അനധികൃതമായി ഭക്ഷണം കഴിക്കുന്നവരെക്കുറിച്ച് പരാതി ലഭിച്ചിട്ടില്ല.

(എച്ച്) 6/2002 മുതൽ 5/2003 വരെയുള്ള ചെലവ് ചുവടെ ചേർത്തിരിക്കുന്നു:

ലേഡീസ് ഹോസ്റ്റൽ	..	6,03,033	രൂപ
മെൻസ് ഹോസ്റ്റൽ	..	8,46,167	,,
ആകെ	..	14,49,200	,,

(ഐ) വാർഷിക ചെലവ് താഴെപ്പറയും പ്രകാരമാണ്:

ലേഡീസ് ഹോസ്റ്റൽ	..	6,03,033	രൂപ
മെൻസ് ഹോസ്റ്റൽ	..	8,46,167	,,

മാസം തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. † വരുമാനം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ജെ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഡിറ്റ് 4/1998 വരെ നടന്നു. ആഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാൻ നിയമം അനുവദിക്കുന്നില്ല.

പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സംസ്ഥാന എൻട്രൻസ് പരീക്ഷയിൽ വരുത്തിയ മാറ്റങ്ങൾ

86 [1455] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സംസ്ഥാന എൻട്രൻസ് പരീക്ഷ നടത്തിപ്പിൽ ഈ വർഷം മുതൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) ഇത്തരം മാറ്റങ്ങൾ വരുത്താനുണ്ടായ കാരണങ്ങൾ അറിയിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ വർഷത്തെ റാങ്ക് ലിസ്റ്റ് പ്രഖ്യാപനം എന്നായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഇ) കഴിഞ്ഞ വർഷത്തെ റാങ്ക് ലിസ്റ്റുകളിൽ കേരളത്തിലെ സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മെറിറ്റ്, സംവരണ വിഭാഗം എന്നിവയിൽ യഥാക്രമം ഏറ്റവും ഒടുവിൽ അഡ്മിഷൻ അനുവദിച്ച റാങ്ക് നമ്പരുകൾ ഏതെല്ലാമാണ്?

ഉത്തരം

(എ) മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(ബി) പരീക്ഷ നടത്തുന്നതിന് ദുബായിൽ ഒരു പരീക്ഷാ സെന്റർ ഈ വർഷം അനുവദിച്ചിട്ടുണ്ട്. പരീക്ഷ എഴുതുന്ന ഒ. എം. ആർ. ഷീറ്റിന്റെ ഒരു ഓട്ടോ കാർബൺ പതിപ്പ് പരീക്ഷാർത്ഥികൾക്ക് ഈ വർഷം മുതൽ പരീക്ഷ എഴുതിയശേഷം പരീക്ഷ ഹാൾ വിടുന്ന സമയത്ത് കൊടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) പരീക്ഷ എഴുതുവാൻ കേരളത്തിലോ ന്യൂഡൽഹിയിലോ വരേണ്ടിയിരുന്ന വിദേശ മലയാളികളുടെ ബുദ്ധിമുട്ട് കുറയ്ക്കാനാണ് ദുബായിൽ ഒരു കേന്ദ്രം അനുവദിച്ചത്. പരീക്ഷാ നടത്തിപ്പ് കൂടുതൽ സുതാര്യമാക്കുവാനാണ് ഉത്തരക്കടലാസിന്റെ പകർപ്പ് പരീക്ഷാർത്ഥികൾക്ക് നൽകാൻ തീരുമാനിച്ചത്. മാത്രമല്ല ഉത്തരങ്ങളുടെ കീ പ്രസിദ്ധീകരിക്കുമ്പോൾ പരീക്ഷാർത്ഥികൾക്ക് ലഭിക്കാവുന്ന ആകെ മാർക്കിന്റെ വിവരം സ്വന്തമായി കണക്കാക്കുവാനും സാധിക്കും.

(ഡി) 2003 മേയ് 13-ന്.

(ഇ) വിശദ വിവരം കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

എൻട്രൻസ് പരീക്ഷാ ഫീസ് കുറയ്ക്കുന്നതിന് നടപടി

87 [1456] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ഇപ്പോൾ ഈടാക്കിവരുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകേണ്ട ഫീസ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ ഭീമമായ ഫീസ് ഈടാക്കുന്നത് സാധാരണക്കാരെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയും എൻട്രൻസ് പരീക്ഷയെഴുതുന്നതിൽനിന്ന് പിൻതിരിയ്ക്കുന്നുവെന്ന് സർക്കാർ കരുതുന്നുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly